## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6940 10.07.2014-ൽ മറുപടിയ്ക്ക്

### കായംകുളം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കായംകുളത്ത് അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിലുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | 30.03.2011-ലെ സ.ഉ(സാധാ) നം.353/2011/പജപവവിവ പ്രകാരം കായംകുളം പോസ്റ്റ് മെട്രിക് ഹോസ്റ്റലിനായി ഭരണാനുമതി നൽകിയിരുന്ന 17 സെന്റ് സ്ഥലം പെൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണിയുന്നതിന് അനുയോജ്യമല്ലെന്നും, നിർദ്ദിഷ്ട സ്ഥലത്തിന് സമീപം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കുറവാണെന്നും കണ്ടതിനെ തുടർന്ന് പ്രസ്തുത സ്ഥലത്ത് പണിയാൻ ഉദ്ദേശിച്ചിരുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ചേർത്തല തെക്ക് വില്ലേജിലെ സർവ്വെ നം.304/2 A.യിൽ ഉൾപ്പെട്ട സ്ഥലത്ത് പണിയുന്നതിന് 7.10.2013 ലെ സ.ഉ (സാധാ) നം.1389/2013/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 21.2.2014-ലെ സ.ഉ(സാധാ)നം.367/2014/പജപവവിവ പ്രകാരം ചേർത്തല പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് 396 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

Bal K.T

സെക്ഷൻ ആഫീസർ